**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2684** **24-06-2024 - ൽ മറുപടിയ്ക്ക്**

**പുരപ്പുറസോളാർ പദ്ധതിയിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതിയിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതിയിലൂടെ 676 MW വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പുരപ്പുറസോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനും ഊർജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (ബി) | പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് '**പ്രധാനമന്ത്രി സൂര്യ ഘർ**' എന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ് നിലവിലുള്ളത്. നിലവിൽ ഈ പദ്ധതി പ്രകാരം 1 kW - നു 30,000/- രൂപയും 2 kW - നു 60,000/- രൂപയും 3 kW നും അതിനു മുകളിലും 78,000/- രൂപയുമാണ് സബ്സിഡിയായി നൽകി വരുന്നത്. പുരപ്പുറ സോളാർ പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ പ്രോസസ്സ് ചെയ്യാനും പൂർത്തിയാക്കിയവ എത്രയും പെട്ടെന്ന് ഗ്രിഡിലേക്കു ബന്ധിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. |
| (സി) | ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതൊക്കെ സ്ഥാപനങ്ങളിലും വീട്ടുകളിലുമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ബാലുശ്ശേരി മണ്ഡലത്തിൽ കെ.എസ്.ഇ. ബി.എൽ. മുഖേന 'സൗര' പദ്ധതി ഫേസ് ഒന്നിന് കീഴിൽ 17 സ്കൂളുകളിലായി 267 kW സ്ഥാപിത ശേഷിയിലും, സൗര സബ്സിഡി സ്കീമിൽ 500 കിലോവാട്ട് സ്ഥാപിത ശേഷിയിൽ 142 വീട്ടുകളിലും പുരപ്പുറ സോളാർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . അനെർട്ട് മുഖേന 2 വീട്ടുകളിലായി ആകെ 5 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയവും, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ 5 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് പവർ പ്ലാന്റും സ്ഥാപിച്ചു. |

സെക്ഷൻ ഓഫീസർ